കുറഞ്ഞ ശമ്പളനിരക്കുള്ള ഉദ്യോഗസ്ഥൻ.

* 764. [20] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്തു് ഏറ്റവും കുറഞ്ഞ ശമ്പളനിരക്കുള്ള ഉദ്യോഗസ്ഥന്മാർ ആരു്;

(ബി) ഏറ്റവും കുറഞ്ഞ ശമ്പളം പറ്റുന്ന ഗവണ്മെൻറ് ജീവനക്കാരുടെ ശമ്പളനിരക്കെന്തു്;

(സി) താഴ്ന്ന ജീവനക്കാക്കു് നമ്മുടെ സംസ്ഥാനത്തേക്കാൾ ശമ്പളക്കുറവുള്ള മറ്റേതെങ്കിലും സംസ്ഥാനം ഇൻഡ്യയിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ശിപായിമാർ, ഗാർഡനേഴ്സ്, ചൗക്കീദാർ, ലാസ്ക്കേഴ്സ് എന്നീവർക്ക് ഉദ്യോഗസ്ഥന്മാർ ആകുന്നു.

(ബി) ഇപ്പോൾ ഏറ്റവും കുറഞ്ഞ ശമ്പളനിരക്കു് പ്രതിമാസം 25—30 രൂപാ സ്കെയിലാണു്.

(സി) ഉണ്ടു്.

(ഡി) മദ്രാസു്, മൈസൂർ, ഒറീസ്സാ എന്നീ സംസ്ഥാനങ്ങൾ.

റോഡു് കാൺക്രീറ്റു്.

* 765. [22] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് ഇപ്പോൾ ആകെ എത്ര മൈൽ റോഡു് കോൺക്രീറ്റും ടാർക്രീറ്റും ചെയ്തു തീർത്തിട്ടുണ്ടു്;

(ബി) അതിലേക്കു് മൊത്തം എത്ര രൂപാ ചെലവായിട്ടുണ്ടു്;

(സി) ഇതിലേക്കു് കേന്ദ്രഗവണ്മെൻറിൽനിന്നും വല്ല തുകയും ലഭിക്കുന്നുണ്ടോ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) 101 മൈൽ കോൺക്രീറ്റും, 706 മൈൽ ടാർക്രീറ്റും ചെയ്തിട്ടുണ്ടു്.

(ബി) ഒരു കോടി അൻപത്തിമൂന്നു ലക്ഷത്തി നാല്പത്തൊൻപതിനായിരത്തി തൊള്ളായിരത്തി ഇരുപത്തിമൂന്നു് (1,53,49,923)

(സി) ഉണ്ടു്.

Supreme Court Judgment connected with the T. T. N. C. Case.

* 766. [23] **Shri A. Kunjan Nadar :** Will the Home Minister be pleased to state :

(*a*) whether the Nagercoil A. S. P. Mr. Gopalan has filed an affidavit criticising the Supreme Court Judgment before the Mysore High Court in connection with the T. T. N. C. Case;

LIBRARY ARCHIVES Kerala Legislative Assembly